# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2263 – 07/02/2019-ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. ഹൈബി ഈഡൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ വായ്പ്പ തിരിച്ചടവ് പദ്ധതി പ്രകാരം ഇതിനകം എത്രപേർക്ക് ആനുകൂല്യം നൽകി എന്നറിയിക്കാമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2018 ഡിസംബർ 12-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 16,174 അപേക്ഷകളിലെ സർക്കാർ വിഹിതമായ 156.73 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ ബാങ്കുകൾ പദ്ധതി അട്ടിമറിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വ്യക്തമായ മാനദണ്ഡങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ പദ്ധതിയിൽ പങ്കെടുക്കുന്ന ബാങ്കുകൾക്ക് പദ്ധതിയിൻകീഴിൽ ലഭിച്ച അപേക്ഷകൾ പരിശോധിക്കാനും നിരസിക്കാനും കഴിയുകയുള്ളൂ. ബാങ്കുകളുടെ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ധനകാര്യ (പ്ലാനിംഗ്) വകുപ്പ് അഡിഷണൽ സെക്രട്ടറി, എസ്.എൽ.ബി.സി. കൺവീനർ, ബാങ്ക് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റിയ്ക്ക് പരാതി നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി | അപേക്ഷ അംഗീകരിച്ചതായി ഒരു വർഷം മുമ്പ് അറിയിപ്പ് ലഭിച്ച പലരുടെയും അപേക്ഷ ഇപ്പോൾ | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബാങ്ക് ബ്രാഞ്ചുകൾ, ബാങ്ക് നോഡൽ ഓഫീസർ, |

| | | |
|---|---|---|
| | നിരസിച്ചതായി വെബ് സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | സംസ്ഥാനതല ബാങ്കിംഗ് സമിതി, സർക്കാർ എന്നീ തലങ്ങളിലെ പരിശോധനകൾക്കു ശേഷമാണ് ധനസഹായം അനുവദിക്കപ്പെടുന്നത്. അപേക്ഷകളുടെ യോഗ്യത സംബന്ധിച്ച് ഏതെങ്കിലും തലത്തിൽ എടുക്കുന്ന തെറ്റായ തീരുമാനം റിവ്യൂ ചെയ്യുന്നതിന് ഉയർന്ന തലത്തിലെ അധികാരികൾക്ക് അധികാരമുണ്ട്. ഇപ്രകാരം ആദ്യഘട്ട പരിശോധനകളിൽ തെറ്റായി സ്വീകരിക്കപ്പെടുന്ന അപേക്ഷകൾ പിന്നീട് നിരസിക്കപ്പെടുന്ന പക്ഷം ആയത് വെബ്സൈറ്റിൽ രേഖപ്പെടുത്തപ്പെടുന്നതാണ്. |
| ഡി | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പഠിച്ചവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടോ; | 16.05.2017 തീയതിയിലെ സ.ഉ.(പി) നം. 65/2017, 07.06.2018 തീയതിയിലെ സ.ഉ.(പി) നം. 85/2018, എന്നീ ഉത്തരവുകളിൽ നിർവ്വചിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം മെറിറ്റ് എന്ന നിർവ്വചനത്തിൽപ്പെടുന്ന അപേക്ഷകൾക്കെല്ലാം തന്നെ പദ്ധതിയുടെ ആനുകൂല്യം ലഭിയ്ക്കുന്നതാണ്. |
| ഇ | ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് സർക്കാർ ഉത്തരവിൽ വ്യക്തത വരുത്തി വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ